**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3521** **05-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ സബ് ട്രഷറിക്ക് വേണ്ടിയുള്ള കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ; | (എ) | നിലമ്പൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിലമ്പൂർ വില്ലേജിൽ ബ്ലോക് നമ്പർ - 92 സർവ്വേ നമ്പർ 156 /1, ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന, 12 .35 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി ലഭിക്കുകയും പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd. പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 14/07/2020 - ലെ സ.ഉ(സാധാ)നം. 4140/2020/ധന ഉത്തരവ് പ്രകാരം Rs. 2,62,18,000/- രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ INKEL Ltd. -ന് നൽകേണ്ടതില്ല എന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭരണാനുമതി ലഭ്യമായിട്ടുള്ള നിലമ്പൂർ സബ് ട്രഷറിക്ക് സാങ്കേതികാനുമതി പുറപ്പെടുവിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനും 25/07/2017 -ലെ സ.ഉ(സാധാ)നം.95/2017/ധന പ്രകാരം സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെ അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ കഴിഞ്ഞ് മാസങ്ങളായിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിലമ്പൂർ വില്ലേജിൽ ബ്ലോക് നമ്പർ - 92 സർവ്വേ നമ്പർ 156 /1, ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന, 12 .35 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി ലഭിക്കുകയും പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd. പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 14/07/2020 - ലെ |

| | | | |
|---|---|---|---|
| | | | സ.ഉ(സാധാ)നം. 4140/2020/ധന ഉത്തരവ് പ്രകാരം Rs. 2,62,18,000/- രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ INKEL Ltd. -ന് നൽകേണ്ടതില്ല എന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭരണാനുമതി ലഭ്യമായിട്ടുള്ള നിലമ്പൂർ സബ് ട്രഷറിക്ക് സാങ്കേതികാനുമതി പുറപ്പെടുവിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനും 25/07/2017 -ലെ സ.ഉ(സാധാ)നം.95/2017/ധന പ്രകാരം സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെ അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | നിർവ്വഹണ ഏജൻസി ആയിരുന്ന ഇൻകെൽ ലിമിറ്റഡിനെ മാറ്റി പുതിയ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | പുതിയ നിർവ്വഹണ ഏജൻസിയെ നിയോഗിച്ചിട്ടില്ല. |
| (ഡി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ ഇൻകെൽ ലിമിറ്റഡിനെ തന്നെ നിർവ്വഹണ ഏജൻസിയായി നിലനിർത്തി നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാനാകുമോ; ഇതേ ആവശ്യം ഉന്നയിച്ചുള്ള ട്രഷറി വകുപ്പിന്റെ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | നിർമ്മാണ കാലതാമസം കാരണം നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിന് പുതിയ പ്രവൃത്തികൾ നൽകേണ്ടതില്ല എന്ന് 27/08/2020 തീയതിയിലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇൻകെൽ ലിമിറ്റഡിനെ നിലനിർത്തി നിർമ്മാണ പ്രവൃത്തികൾ തുടങ്ങാനാകില്ല. ആയതിനാൽ 25.07.2017 -ലെ സ.ഉ.(പി)നം.95/2017/ധന നമ്പർ ഉത്തരവ് പ്രകാരം സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെ അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതേ ആവശ്യം ഉന്നയിച്ചുള്ള ട്രഷറി വകുപ്പിന്റെ കത്ത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ